# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7480** — **14.7.2014-ൽ മറുപടിക്ക്**

### മാതൃകാ ശുചിത്വഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) മാതൃകാ ശുചിത്വഗ്രാമം പദ്ധതി നടപ്പാക്കുന്ന 32 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | എ) & ബി) ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഖര-ദ്രവ മാലിന്യസംസ്കരണ പദ്ധതി പ്ലാസ്റ്റിക് സംസ്കരണ പദ്ധതി, അറവുശാല നിർമ്മാണം, ഗതാഗതവികസനം, മുടക്കം കൂടാതെയുള്ള പദ്ധതി കുടിവെള്ള വിതരണം തുടങ്ങിയവ നടപ്പാക്കാൻ പദ്ധതികൾ തയ്യാറാക്കി, ആവശ്യമായ സ്ഥലസൗകര്യങ്ങളോടു കൂടി സമീപിക്കുന്ന പഞ്ചായത്തുകൾക്ക് ഇതിനു വേണ്ടി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി വരുന്നു. |
| ബി) ഈ പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ ഒരുക്കേണ്ട പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | |
| സി) തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുമെന്നും അത് ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ; | സി) ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികൾക്കനുസരിച്ചാണ് ശുചിത്വമിഷൻ സാമ്പത്തിക സഹായം നൽകുന്നത്. |
| ഡി) പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള പരിശീലന പരിപാടിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് പറയുമോ ; | ഡി) ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള പരിശീലന പരിപാടികൾ ജില്ലാതലപരിശീലന പരിപാടികളായാണ് നടപ്പിലാക്കി വരുന്നത്.ആയതിനാൽ ഇതിനു മാത്രമായി ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |
| ഇ) 2014 -15 ലെ ബഡ്ജറ്റിൽ മാതൃകാ ശുചിത്വ ഗ്രാമപദ്ധതി നടപ്പാക്കാൻ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വെളിപ്പെടുത്തുമോ ? | ഇ) 2014-15 ബഡ്ജറ്റിൽ ശുചിത്വ ഗ്രാമ പദ്ധതിക്ക് തുക പ്രത്യേകം വകയിരുത്തിയിട്ടില്ല. എന്നാൽ ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. ആകയാൽ ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ